**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5942** **09-07-2024 - ൽ മറുപടിയ്ക്ക്**

**റോഡ് പ്രവൃത്തികളുടെ ചെയിനേജിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് ഭരണാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകി നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തിയിൽ നോമൻ ക്ലേച്ചർ ചെയിഞ്ചിന്റെ ഭാഗമായി എത്ര പദ്ധതികൾക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് ധനകാര്യ വകുപ്പിൽ പെന്റിംഗ് ഉണ്ട് എന്ന് വിശദമാക്കാമോ; | (എ) | **നോമൻ ക്ലേച്ചർ ചെയിഞ്ചിന്റെ ഭാഗമായി പുതുക്കിയ ഭരണാനുമതി നൽകുന്നതിന് ഭരണ വകുപ്പ് ലഭ്യമാക്കിയ പ്രൊപ്പോസലുകൾ സമയബന്ധിതമായി തീർപ്പാക്കിവരുന്നു.** |
| (ബി) | റോഡ് പ്രവൃത്തികളുടെ ചെയിനേജിൽ ഉണ്ടാകുന്ന ചെറിയ മാറ്റങ്ങൾക്ക് ഭരണാനുമതി തുകയിൽ അധികരിക്കാത്തപക്ഷം കാലതാമസം ഒഴിവാക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതിയില്ലാതെ അതാത് വകുപ്പുകൾക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് റോഡ് പ്രവൃത്തികളുടെ ചെയിനേജിൽ ഉണ്ടാകുന്ന മാറ്റങ്ങൾ പരിശോധിച്ച് പുതുക്കിയ ഭരണാനുമതി നൽകി വരുന്നത്. ആയതിനാൽ ധനകാര്യ വകുപ്പിന്റെ അനുമതിയില്ലാതെ അതാത് വകുപ്പുകൾക്ക് പുതുക്കിയ ഭരണാനുമതി നൽകുന്ന വിഷയം ഇപ്പോൾ ധനവകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ